# Visit of External Affairs Minister to Russia (July 7-9, 2021)

July 06, 2021

---

**റഷ്യയിലേക്കുള്ള വിദേശകാര്യമന്ത്രിയുടെ സന്ദർശനം (ജൂലൈ 7-9, 2021)**
ജൂലൈ 06, 2021

വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കർ ജൂലൈ 7 മുതൽ 9 വരെയുള്ള തിയ്യതികളിൽ റഷ്യൻ ഫെഡറേഷനിൽ ഔദ്യോഗിക സന്ദർശനം നടത്തും.

2. സന്ദർശനത്തിനിടയിൽ തന്റെ തുല്യ ചുമതല ആവാഹിക്കുന്ന റഷ്യൻ ഫെഡറേഷൻ വിദേശകാര്യമന്ത്രിയായ ശ്രീ. സെർഗെയ് ലാവ്‌റോവിനെ അദ്ദേഹം സന്ദർശിക്കും.കോവിഡ് -19 പകർച്ചവ്യാധിയ്ക്കെതിരായ പോരാട്ടത്തിലെ സഹകരണം, വിവിധ പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ അഭിപ്രായ കൈമാറ്റം എന്നിവയുൾപ്പെടെ ഉഭയകക്ഷി പ്രശ്നങ്ങളുടെ മുഴുവൻ വശങ്ങളും ചർച്ചകളിൽ വിശകലനം ചെയ്യപ്പെടുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

3.റഷ്യൻ ഫെഡറേഷന്റെ വ്യവസായം, സാമ്പത്തികം,ശാസ്ത്രം, സാങ്കേതികം, കൂടാതെ സാംസ്കാരിക സഹകരണം (IRIGEC-TEC) എന്നിവയ്ക്ക് തന്റെ തുല്യമായ പദവി വഹിക്കുന്ന, ഉപപ്രധാനമന്ത്രി യൂറി ബോറിസോവിനേയും വിദേശകാര്യമന്ത്രി സന്ദർശിച്ചു. ഇന്റർനാഷണൽ അഫയേഴ്സ് സ്റ്റേറ്റ് ഡുമ കമ്മിറ്റി ചെയർമാൻ ശ്രീ. ലിയോണിഡ് സ്ലട്ട്സ്കിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

4. മോസ്കോയിലെ പ്രിമിക്കോവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേൾഡ് എക്കൊണോമി & ഇന്റെനാഷണൽ റിലേഷൻസിൽ "മാറുന്ന ലോകത്തിൽ ഇന്ത്യ -റഷ്യ ബന്ധങ്ങൾ" എന്ന വിഷയത്തിൽ ഡോ എസ് ജയശങ്കർ പ്രഭാഷണം നടത്തുകയും ചെയ്തു.

5.ഇരുപക്ഷവും തമ്മിൽ ഇടയ്ക്കിടെ നടത്തുന്ന ഉന്നത തല സന്ദർശനങ്ങളുടെ തുടർച്ചയായിരിക്കും സന്ദർശനം. റഷ്യൻ വിദേശകാര്യമന്ത്രി 2021 ഏപ്രിലിൽ ന്യൂഡൽഹി സന്ദർശിച്ചിരുന്നു. ഈ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള 'പ്രത്യേകമായ,വിശേഷാധികാര നയതന്ത്ര പങ്കാളിത്ത കൂടുതൽ ശക്തിപ്പെടുത്തുന്നതായിരിക്കും.

**ന്യൂ ഡൽഹി**
**ജൂലൈ 6, 2021**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**